(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് 2015 ജൂൺ മാസത്തിൽ പേയ്മെന്റ് നൽകിയിട്ടില്ല.

(ഡി) ബാധകമല്ല.

പഠനനിലവാരം നിരീക്ഷിക്കുന്നതിന് പദ്ധതി

22 (5088) ശ്രീ. പി. തിലോത്തമൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാലയങ്ങളിലെ കുട്ടികളുടെ പഠന നിലവാരം നിരീക്ഷിക്കുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 2011 മുതൽ 2014 വരെ പൊതു വിദ്യാഭ്യാസ വകുപ്പ് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(സി) പ്രാഥമിക വിദ്യാഭ്യാസത്തെക്കുറിച്ച് വാർഷിക റിപ്പോർട്ടുകൾ പ്രസിദ്ധപ്പെടുത്താറുണ്ടോ ; ഇല്ലെങ്കിൽ അവസാനമായി പ്രസിദ്ധീകരിച്ചത് എന്നാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കുട്ടികളുടെ പഠന നിലവാരം നിരീക്ഷിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2014 വർഷം കുട്ടികളുടെ പഠനനിലവാരവുമായി ബന്ധപ്പെട്ട് എസ്.എസ്.എ.-യുടെ നേതൃത്വത്തിൽ 2, 3, 4, 5 ,6, 7, 8 ക്ലാസ്സുകളിലെ പഠന നിലവാരം വ്യത്യസ്ത ഏജൻസികൾ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) എസ്.എസ്.എ.-യുടെ വാർഷിക റിപ്പോർട്ടുകൾ അതാത് വർഷം പ്രസിദ്ധപ്പെടുത്താറുണ്ട്.

(ഡി) കുട്ടികളുടെ പഠനനിലവാരം നിരീക്ഷിക്കുന്നതിനായി ലേണിംഗ് ഔട്ട്കംസ്, ലേണിംഗ് ഇൻഡിക്കേറ്റേഴ്സ്, ക്വാളിറ്റി ട്രാക്കിംഗ് തുടങ്ങിയ പരിപാടികൾ നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly